പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.616 | 28 -09 -2011 - ൽ മറുപടിയ്ക്ക് |

## കണ്ണൂർ ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലായി നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) | കണ്ണൂർ ജില്ലയിലെ അലോപ്പതി ആശുപത്രികളിൽ അസിസ്റ്റന്റ് സർജന്മാരുടെ 61ഉം സ്പെഷ്യാലിറ്റി കേഡർ 74ഉം ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനായി അസിസ്റ്റന്റ് സർജന്റെ ഒഴിവ് പി.എസ്.സി. മുഖാന്തിരവും സ്പെഷ്യാലിറ്റി കേഡറിലെ തസ്തികയിലുള്ള ഒഴിവുകൾ പ്രമോഷൻ / പി.എസ്.സി. വഴിയും അഡ്ഹോക്ക് വ്യവസ്ഥയിലും നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കണ്ണൂർ ആയുർവേദ കോളേജിൽ ആകെ 26 അദ്ധ്യാപകരായ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്.<br>ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി കൂടി ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകൾ (എൻട്രി കേഡർ ഒഴികെ) നികത്തുന്നതിനായി അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എൻട്രി കേഡറിലേക്ക് പി.എസ്.സി.യിൽ നിന്നും നിയമനം നടത്തുന്നതുവരെ കരാർ വ്യവസ്ഥയിൽ ആളെ നിയമിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ടി ഒഴിവ് പ്രമോഷൻ തസ്തിക ആയതിനാൽ ഡിപി.സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഒഴിവുകൾ ഉണ്ടാകുമ്പോൾ എൻ.ആർ.എച്ച്.എം.. മുഖേന അടിയന്തിരമായി ഒഴിവുകൾ നികത്തുന്ന നടപടി നിലവിലുണ്ടോ; | (ബി) | സ്ഥിരം തസ്തികകളിൽ എൻ.ആർ.എച്ച്.എം.ന് നിയമനം നടത്താൻ കഴിയില്ല. ആയുഷ് ഡിസ്പെൻസറികളിലാണ് എൻ.ആർ.എച്ച്.എം നിയമനം നടത്തുന്നത്. |

| | |
|---|---|
| ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ? | അതേപോലെ സ്ഥിരം തസ്തികകൾക്കുപരിയായി ആവശ്യാനുസരണം അലോപ്പതി സ്ഥാപനങ്ങളിൽ എൻ.ആർ.എച്ച്.എം വഴി താൽക്കാലികമായി നിയമനം നടത്തുന്നതാണ്. അടിയന്തിരമായി ഒഴിവുകൾ കരാർ അടിസ്ഥാനത്തിൽ നികത്തുന്നതിന് ആയുർവേദ പ്രിൻസിപ്പാൾമാർക്ക് അനുവാദം നൽകിയിട്ടുണ്ട്.<br>ഹോമിയോപ്പതി വകുപ്പിലെ താൽക്കാലിക ഒഴിവുകളിലേക്ക് എൻ.ആർ.എച്ച്.എം മുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. |

സെക്ഷൻ ഓഫീസർ.